കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കക്കോടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി9-2303/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012
തീയതി. 04-01-2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കക്കോടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കക്കോടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന വകുപ്പ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം( ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്
3)കാര്യാലയ പകർപ്പ്

കെ.എസ്.എ/കെ.കെ.ഡി/പി9/2303/2016 തീയതി:04-01-2017.

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.02.2016 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.കെ. സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.12.2016 മുതൽ 16.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സബിത | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രബോധ് കുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈനി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ദിശ ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.നിമ്മി.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കവിത മനോജ് | 01.04.2015 മുതൽ 30.10.2015 വരെ |
| | ശ്രീ എം രാജേന്ദ്രൻ | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ മുരളീധരൻ | 01.04.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അജിത് സിംഗ് | 1.04.2015 മുതൽ 30.09.2015 വരെ |
| | ശ്രീ സുനിൽ കുമാർ | 01.10.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ശ്രീമതി ചിത്ര മുകുന്ദൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.കൃഷ്ണദാസൻ കെ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീമതി നൈന വി പി | 01.04.2015 മുതൽ .31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സാദിഖ് എം | 01.12.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. നിഷ പി ടി | 1.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഹസീന | 01.04.2015 മുതൽ 16.08.2015 വരെ |
| | ശ്രീമതി.ഗീത | 17.08.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി. ലക്ഷ്മി എസ് അരവിന്ദ് | 01.04.2015. മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ശ്രീ.ഷംസീർ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ജീന | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ശ്രീജിത് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 5 | സാമ്പത്തിക വിശകലനം | 1-4 |
| 6 | ഫണ്ട് വിനിയോഗം | 1-5 |
| 7 | പദ്ധതി അവലോകനം. | 1-6 |
| 8 | തനത് വരുമാനം. | 1-7 |
| 9 | ക്ഷേമപദ്ധതികൾ | 1-8 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വാർഷികകണക്കിലെ അപാകതകൾ | 2-1 |
| 13 | വസ്തുനികുതി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. | 2-2 |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | സമഗ്രപുരയിടകൃഷി - അപാകതകൾ | 3-1 |
| 15 | കാർഷിക കർമ്മസേനയ്ക്ക് ഉപകരണം - അപാകതകൾ | 3-2 |
| 16 | മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിയിലെ അപാകതകൾ | 3-3 |
| 17 | കന്നുകുട്ടി പരിപാലനം നടത്തിപ്പിലെ അപാകതകൾ | 3-4 |
| 18 | മുട്ടക്കോഴി വിതരണം പദ്ധതിയിലെ അപാകതകൾ(ജനറൽ) | 3-5 |
| 19 | മുട്ടക്കോഴിവളർത്തൽ പദ്ധതി (സ്പിൽഓവർ) നടപ്പാക്കിയതിലെ അപാകതകൾ | 3-6 |

| | | |
|---|---|---|
| 20 | റിംഗ് കംപോസ്റ്റ്-സർവീസ് ദാതാവിനെ തെരഞ്ഞെടുത്തത്-സംബന്ധിച്ച് | 3-7 |
| 21 | കിടക്ക നിർമ്മാണ യൂണിറ്റ് -അപാകതകൾ | 3-8 |
| 22 | എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 3-9 |
| 23 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 3-10 |
| 24 | തുടർ വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 25 | എസ് എസ് എ വിഹിതം അടവാക്കൽ | 3-12 |
| 26 | രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല. | 3-13 |
| 27 | തെരുവുനായ നിയന്ത്രണം പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്തിനു വിഹിതം നല്കൽ | 3-14 |
| 28 | വിനിയോഗ സാക്ഷ്യപത്രം ഇല്ല. | 3-15 |
| 29 | ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 3-16 |
| 30 | കൂടത്തുംപൊയിൽ, പടിഞ്ഞാറ്റു മുറി വനിതാ വ്യവസായ യൂണ്റ്റിനു വൈദ്യുതീകരണം-വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 3-17 |
| 31 | വിവിധ റോഡ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ അനുവദിച്ചു | 3-18 |
| 32 | റോഡ് പ്രവൃത്തികളിൽ സിമന്റ് കോൺക്രീറ്റ് അധിക നിരക്ക് നൽകി. | 3-19 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ്. | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 03.03.2016 തീയതിയിലെ 31/16 നം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23.07.2016 | ----- | ------ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 02.12.2016 | അനുബന്ധം 1 ആയി ഉൾപ്പെടുത്തി |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,63,93,979.57 |
| വരവ് | 4,49,46,327 |
| ആകെ | 7,13,40,306.57 |
| ചെലവ് | 6,54,51,669 |
| നീക്കിയിരിപ്പ് | 58,88,637.57 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റഡ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കാറ്റഗറി ഡി,എഫ് | 10244900.77 | 20759158 | 31004058.77 | 25250948 | -- | 5753110.77 |
| വികസനഫണ്ട് പൊതുവിഭാഗം | 3665622 | 9307693 | 12973315 | 12973315 | +9307693 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3599297 | 4142742 | 7742039 | 7742039 | -2414217 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4252226 | 1253448 | 5505674 | 5505674 | -3420818 | 0 |
| 13- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2768741 | 7478272 | 10247013 | 10247013 | -3472658 | 0 |
| ബി ഫണ്ട് | 0 | 37924030 | 37924030 | 37924030 | -- | 0 |
| സി.ഫണ്ട് നോൺറോഡ് | 1163193 | 1766775 | 2929968 | 2929968 | --- | 0 |
| സി.ഫണ്ട് റോഡ് | 636544 | 6776869 | 7413413 | 7413413 | --- | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 8,24,57,181 | 180 | 4,81,85,229 | 38 | 74 | 60 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4967126 | 4162560 | 804566 | 16 |
| നികുതിയേതര വരവുകൾ | 620269 | 760142 | 139873 | 22 |
| മറ്റ് വരവുകൾ | 390788 | 843445 | 452657 | 53 |
| ആകെ | 6016513 | 5766147 | 250366 | 4 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 885240 | 473 |
| കർഷകതൊഴിലാളി പെൻഷൻ | 4726350 | 616 |
| വിധവാപെൻഷൻ | 12328000 | 1303 |
| വാർദ്ധക്യകാലപെൻഷൻ | 13250280 | 1773 |
| വികലാംഗപെൻഷൻ | 3792020 | 388 |
| അവിവാഹിത പെൻഷൻ | 2309640 | 292 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 600000 | 20 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,796 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.2016 | 30.11.2016 വരെ | 14.02.2016(സി2/13931/16 dt:02.12.2016) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.07.2009 മുതൽ 23.07.2009 വരെ | 2004-05 മുതൽ 2008-09 വരെ | 27.08.2009 (LBAHQ_3/8A/1448/481 dt:21.08.2009) |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറിയ തീയതിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

2. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

3. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കണക്കിലുൾപ്പെട്ട തുകയുടെ കൃത്യത ഉറപ്പു വരുത്തിയില്ല.

4. കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ

കണക്കിലുൾപ്പെട്ട തുകയുടെ കൃത്യത ഉറപ്പു വരുത്തിയില്ല.

5. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-5 പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള ലോൺ തുക 6,08,696 രൂപയാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ആയത് 0 ആണ്.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. തൻവർഷം ഡിമാന്റ് പ്രകാരം ഈടാക്കാനുള്ളതുക ,കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ള തുക എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് 9.12.2016 ന് ലഭിച്ച മറുപടി പ്രകാരം രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമഗ്രപുരയിടകൃഷി - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് - 99/16, സമഗ്രപുരയിടകൃഷി

അടങ്കൽ - 10,00,000/- വികസനഫണ്ട്(ജനറൽ)

- 3,02,474/- ഗുണഭോക്തൃവിഹിതം

ചെലവ് - 9,99,986/- ബിൽ നം.1/31.10.15

ഗ്രാമപഞ്ചായത്തിലെ തെങ്ങ് കർഷകരായ ഗുണഭോക്താക്കൾക്ക് ജൈവവളം, കുമ്മായം, ഫലവൃക്ഷത്തൈകൾ, ഇടവിളകൃഷിക്കാവശ്യമായ മഞ്ഞൾ, ഇഞ്ചി, ചേന തുടങ്ങിയവ 75% സബ്സിഡിയോട് കൂടി നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് പ്രകാരം തളിപ്പറമ്പ് കൃഷിഫാമിൽ നിന്ന് 36270 രൂപയ്ക്ക് ഫലവൃക്ഷത്തൈകൾ വാങ്ങി 130 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 9100 രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ചതായി കാണുന്നില്ല. ഫലവൃക്ഷത്തൈകളുടെ വിലയായ 36270രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നൽകുകയാണ് ചെയ്തത്. 25% ഗുണഭോക്തൃവിഹിതം ചെലവഴിക്കുന്നതിന് പകരം ചെലവ് തുക പൂർണ്ണമായും വികസനഫണ്ടിൽ നിന്നും പിൻവലിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടി തൃപ്തികരമല്ല. ഗുണഭോക്തൃവിഹിതം 9100രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന് പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 കാർഷികകർമ്മസേനയ്ക്ക് ഉപകരണം - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് - 126/16, കാർഷികകർമ്മസേനയ്ക്ക് ഉപകരണം

അടങ്കൽ - 3,00,000/- വികസനഫണ്ട്(ജനറൽ)

ചെലവ് - 2,84,200/- ബിൽ നം.6/31.3.16

ഗ്രാമപഞ്ചായത്തിലെ കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്.

പ്രൊജക്ട് പ്രകാരം KAICOയിൽ നിന്ന് 1കൊയ്ത്ത് യന്ത്രം, 1ട്രാക്ടർ, 2 കളനീക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങി കാർഷിക കർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്ത് വാങ്ങുന്ന ഉപകരണങ്ങളുടെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിനായിരിക്കുന്നതും വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതുമാണ്. എന്നാൽ മേൽ ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

2. ജി.ഒ(എം.എസ്) നം. 362/13 തീയതി 16.11.2013പ്രകാരമുള്ള സബ്സിഡി മാർഗരേഖ പ്രകാരം യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതുകാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും അവ നൽകപ്പെടുന്ന സ്ഥാപനവുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം. കൂടാതെ സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 25% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥ ചെയ്യണം. എന്നാൽ കരാർ വെക്കാതെയാണ് ഉപകരണങ്ങൾ കാർഷിക കർമ്മസേനയ്ക്ക് കൈമാറിയത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടി തൃപ്തികരമല്ല. ചെലവ് തുക 2,84,200 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-3 മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിയിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ – എസ്.ഒ.105/16

അടങ്കൽ – 250000/-(മെയിന്റനൻസ് റോഡിതരം)

ചെലവ് – 250000/-ബിൽ നം-2/15-16/16.12

പ്രോജക്റ്റ് പ്രകാരം മരുന്നുവാങ്ങുന്നതിന് ഓപ്പൺ ടെണ്ടറുകൾ വഴി പൊതുമാർക്കറ്റിൽ നിന്നു ലഭ്യമാകുന്ന ടെണ്ടറുകളിൽ ഗുണമേന്മയും വിലക്കുറവും പരിശോധിച്ച് ഭരണസമിതി അംഗീകാരത്തോടെ മരുന്നു വാങ്ങുന്നതിന് ലക്ഷ്യമിടുന്നു.വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകളുടെ പട്ടിക തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച 5അംഗീകൃത വിതരണക്കാരിൽ നിന്നും ടെണ്ടർ സ്വീകരിച്ച് പ്രോക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ വാങ്ങുന്നു. മാർക്കറ്റ് റേറ്റിലുള്ള വിലയായിരിക്കും മരുന്നിനെന്നും, സെൻട്രൽ വെറ്ററിനറി സ്റ്റോഴ്സിൽ നിന്നും മരുന്ന് ലഭ്യമല്ല എന്ന സാക്ഷ്യപത്രത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം മരുന്ന് വാങ്ങൽ എന്നും പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. Deworms and minaralmixture willnotbe boughtഎന്ന് പ്രോജക്റ്റിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

ഹാജരാക്കിയ ഫയൽ പ്രകാരം അംഗീകരിച്ച ക്വട്ടേഷൻ മാത്രമേ ഓഡിറ്റിനു ലഭ്യമാക്കിയിട്ടുള്ളൂ. ആയതിൽ സാങ്കേതിക നാമങ്ങളും, ക്യാഷ് ബില്ലിൽ വിപണിയിലെ നാമങ്ങളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മരുന്നിന്റെ ആവശ്യകതാ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ലഭ്യമായ മറ്റുക്വട്ടേഷനുകൾ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ലഭ്യമായ ക്വട്ടേഷനുകൾ തമ്മിലുള്ള കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, സപ്ലൈ ഓർഡർ എന്നിവ ഹാജരാക്കിയിട്ടില്ല. പ്രൊക്യൂർമെൻറ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകരിച്ച ക്വട്ടേഷൻ പരിശോധിച്ചപ്പോൾ 15 ഇനങ്ങളാണ് ക്വാട്ട്ചെയ്തതായി കാണുന്നത്. എന്നാൽ 16 ഇനം മരുന്നുകളുടെ ക്യാഷ് ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. വാങ്ങിയ ഭൂരിഭാഗം ഇനങ്ങളും വിരമരുന്നുകളും, മിനറലുകളുമാണ് എന്ന് കാണുന്നു. ഇത് പ്രോജക്റ്റിൽ വിഭാവനം ചെയ്തതിനു എതിരാണ്.

21. 2013ലെ ജി.ഒ.(പി),3/2013 എസ് പിഡി.ഖണ്ഡിക8(17-8.20)പ്രകാരം കരാർ തുക 1ലക്ഷത്തിലധികമുള്ള

വാങ്ങലുകൾക്ക്,മൊത്തം കരാർതുകയുടെ 5% പെർഫോമൻസ് സെക്യൂരിറ്റി ക്യാഷ് ,ഡിമാന്റ്ഡ്രാഫ്റ്റ്, ബാങ്ക് ഗ്യാരണ്ടി, എന്നിവയുടെ രൂപത്തിൽ കരാറുകാരിൽ നിന്നും ഈടാക്കണം എന്നാൽ ഇതിനു വിരുദ്ധമായി ഇവിടെ 2.5% മാത്രമാണ് സെക്യൂരിറ്റി ഡിപ്പോസിറ്റ് വാങ്ങിയിട്ടുള്ളൂ.

27.8.2010ലെ സർക്കുലർ നം80/2010/ധനത്തിനു വിരുദ്ധമായി മേൽപ്പറഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ് (6250/-d.dno.-160872/28.12.2015) ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്തിരിക്കുന്നത് പുതിയ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയാണെന്നു കാണുന്നു. മൃഗാശുപത്രിയുടെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ പദ്ധതിപ്രകാരമുള്ള മരുന്നുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്ന് മൃഗാശുപത്രിയിൽ നേരിട്ട് സന്ദർശിച്ച വേളയിൽ ബോദ്ധ്യപ്പെട്ടു. മുൻവർഷങ്ങളിലെ പദ്ധതികളിൽ വാങ്ങിയ മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ തുടർച്ചയോ ആയിട്ടുള്ള രജിസ്റ്റർ അല്ലയെന്നതിനാലും ഇത് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കു വിരുദ്ധമാണ്.

മരുന്നുകൾ വാങ്ങിയിട്ടുള്ള മലബാർ ഡ്രഗ് ലൈൻസ് ഫാർമസ്യൂട്ടിക്കൽ ഡിസ്ട്രിബ്യൂട്ടേഴ്സ്,പോലീസ് സ്റ്റേഷൻ റോഡ്, ഇറയ്ക്കൽ ടവർ, സുൽത്താൻ ബത്തേരി എന്ന സ്ഥാപനത്തിന് 250000/- രൂപ നല്കിയതിന്റെ ഡി.ഡിയുടെ പകർപ്പോ, തുക കൈപ്പറ്റിയെന്ന സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതോ,ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും മരുന്നുകളുടെ ക്യാഷ് ബില്ലും തമ്മിൽ പരിശോധിച്ചപ്പോൾ കണ്ടപൊരുത്തക്കേടുകൾ ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം,എണ്ണം | ക്യാഷ് ബിൽ പ്രകാരം,എണ്ണം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| ആൽബോമാർ ബോളസ്-2s 300 | | 300 | വിതരണം ചെയ്തതിൽ237എണ്ണത്തിൽ നിന്നും9 എണ്ണംകുറച്ചാൽ228എണ്ണം എന്നുള്ളതിനു പകരം 226 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.വീണ്ടും 123എണ്ണത്തിൽ നിന്നും9എണ്ണം കുറച്ചാൽ114 നു പകരം124 എന്നുംഅതിൽ നിന്നും 2 കുറച്ച്122ഉം ,122ൽ നിന്നും 9 എണ്ണം കുറച്ചാൽ 113എന്നതിനു പകരം 123 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ 114 ലിൽ നിന്നും 2 കുറച്ച് 112ഉം ആയതിൽ നിന്നും 9 കുറച്ചാൽ 103 ഉം ആണ് രേഖപ്പെടുത്തേണ്ടത്. 21.2.2016 ൽ 103എണ്ണം മരുന്ന് ബാക്കി വരേണ്ടതും 25.2.2016ൽ 92 എണ്ണം ബാക്കി വരേണ്ടതും ആണ്.<br><br>സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ ദിവസം 112 എണ്ണം ബാക്കി നില്ക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പേജ് 17 ലേയ്ക്ക് ക്യാരിഓവർ ചെയ്തതായി രേഖപ്പെട്ട |

| | | | |
|---|---|---|---|
| | | | ത്തിയിട്ടുണ്ട് എങ്കിലും പ്രസ്തുത പേജിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| അമോക്സിറം ഫോർട്ട് ഇൻജക്ഷൻ | 50 | 50 | 7.9.16 ൽ 30എണ്ണം ബാലൻസ് രേഖപ്പെടുത്തുകയും 8.9.16 മുതൽ 11.9.16 വരെ രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ല. ബാക്കിയുള്ള 30 എണ്ണം പേജ് 18ലേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല. |
| ചിലേറ്റഡ് അഗ്രിമിൻ | 1250 | 1250 | 15.1.2016ന ലഭിച്ചു.,16.1.2016ന ഹോസ്പിറ്റൽ പർപ്പസിന വേണ്ടി ചെലവഴിച്ചു.എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| ചിലേറ്റഡ്അഗ്രിമിൻ ഫോർട്ട് | 25 | 25 | 15.1.2016ന ലഭിച്ചു., ഹോസ്പിറ്റൽ പർപ്പസിന വേണ്ടി ചെലവഴിച്ചു എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| ക്ളോമിഫോർട്ട് ടാബ്ലറ്റ് | 100 | 100 | ആ ദിവസം തന്നെമുഴുവൻ എണ്ണവും ചികിത്സയ്ക്കുപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| ഡെൽടോക്സ് | 100 | 100 | 30.1.2016 ന് ബാക്കി 63എണ്ണത്തിൽ നിന്നും7 എണ്ണം കുറച്ചാൽ 56 എണ്ണത്തിന പകരം 58 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 15.3.2016 ന മുഴുവൻ മരുന്നും തീർന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വ്യത്യാസം വന്ന 2എണ്ണം ക്രമപ്പെടുത്തിയിട്ടില്ല. |
| ഫോർട്ടിവർ ഇൻജക്ഷൻ | 100 | 100 | ഹോസ്പിറ്റൽ ആവശ്യത്തിന് എടുത്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| ഹിമാറ്റിൻ | 200 | 200 | ഹോസ്പിറ്റൽ ആവശ്യത്തിന് എടുത്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| ഹൈടെക്ക് ബോളസ് | 600 | 600 | ഹോസ്പിറ്റൽ ആവശ്യത്തിന് എടുത്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| ഇൻഫ്ലാക്സ് | 50 | 50 | ഹോസ്പിറ്റൽ ആവശ്യത്തിന് എടുത്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| മെലൈഡിൻ ഇൻജക്ഷൻ 2ml | 10 | 10 | ഹോസ്പിറ്റൽ ആവശ്യത്തിന് എടുത്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| പ്രാസോമിൻ | 10 | 10 | ഹോസ്പിറ്റൽ ആവശ്യത്തിന് എടുത്തു എന്ന് രേഖപ്പെട്ട |

| | | | |
|---|---|---|---|
| ഇൻജക്ഷൻ | | | ത്തിയിട്ടുണ്ടെങ്കിലും മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |
| ടി വേം 15ml | 201 | 201 | ഹോസ്പിറ്റൽ ആവശ്യത്തിന് എടുത്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മെയിൻ സ്റ്റോക്കിലെടുത്തിട്ടില്ല. |

ഓഡിറ്റ് ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി, സീനിയർ ഗ്രേഡ് ഓഡിറ്റർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററിൽ ബാക്കിനിൽക്കുന്ന മരുന്നുകളോ, ഹോസ്പിറ്റൽ ആവശ്യത്തിനായി മാറ്റി എന്നു പറയപ്പെടുന്ന മരുന്നുകളോ കാണുവാൻ സാധിച്ചില്ല. ഓഡിറ്റ് തീയതി വരെയുള്ള സ്റ്റോക്ക് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. ആശുപത്രിയിലെ ഒ.പി.രജിസ്റ്ററും മരുന്നുവിതരണ രജിസ്റ്ററും തമ്മിൽ മുകളിൽ കൊടുത്തിട്ടുള്ള പൊരുത്തക്കേടുകൾ നിലനില്ക്കുന്നതായും ബോദ്ധ്യപ്പെട്ടു.ഉദാഹരണം 12.2.16,21.2.16,22.2.16മുതൽ2.3.16 വരെ,6.3.16 എന്നീ തീയതികളിൽ O.P.രജിസ്റ്ററിൽ 'no cases reported' എന്ന് രേഖപ്പ്ടുത്തിയിട്ടുണ്ട്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ ദിവസങ്ങളിൽ മരുന്ന് വിതരണം രേഖപ്പെടുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ജനുവരിമാസം നടന്ന മരുന്നു വാങ്ങലും സ്റ്റോക്കിലെടുപ്പും നടത്തേണ്ടത് തൻമാസത്തിൽ തന്നെയാണ്. എന്നാൽ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ കടയുടെ പ്രൈസ് ടാഗിൽ രജിസ്റ്റർ നിർമ്മിച്ച ഡേറ്റ് രേഖപ്പെടുത്തിയിട്ടുള്ളത് 10/2016 എന്നാണ്. ഇതു സൂചിപ്പിക്കുന്നത് ഓഡിറ്റ് തീയതിയ്ക്കനുബന്ധമായാണ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടുള്ളത് എന്നാണ്. ഇതു സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിരുദ്ധമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ്എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 250000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വ്യക്തമായ മറുപടി നൽകാത്തപക്ഷം തുടർ നടപടി ഓഡിറ്റിൽ സ്വീകരിക്കുന്നതാണ്.

## 3-4 കന്നുകുട്ടി പരിപാലനം നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം-103/16

അടങ്കൽ-1250000/-(ംവികസനഫണ്ട്-312500/-)

(സംസ്ഥാനാവിഷ്കൃതഫണ്ട്-312500/-)

( ഗുണഭോക്തൃ വിഹിതം- 625000/-)

ചെലവ്-175,000/- ബിൽ നം-3/15-16/31.3.2016

2015-16 വർഷം 3മാസത്തിനും 6 മാസത്തിനും ഇടയിൽ പ്രായമായ28 പശുക്കുട്ടികളെ തെരെഞ്ഞെടുക്കുകയും ഇൻഷുർ ചെയ്ത് തീറ്റകൊടുക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.പദ്ധതി വിഹിതം അസിസ്റ്റന്റ് ഡയറക്ടർക്ക്കൈമാറി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

പദ്ധതിനടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു. 28 പശുക്കുട്ടികൾക്ക് ഒരു യൂണിറ്റിന് 6250/-രൂപ പദ്ധതി വിഹിതവും ,6250/- രൂപ സംസ്ഥാന വിഹിതവും,ഗുണഭോക്തൃ വിഹിതം 12500/-രൂപയും ചേർത്ത്28x25000= അടങ്കൽ 700000/- രൂപയാണ് വകയിരുത്തേണ്ടിയിരുന്നത്. ആയതിന്റെ 50%വരെ പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്താമെന്നുള്ളതു പ്രകാരം 350000/-/-രൂപ വരെ വകയിരുത്താം.എന്നാൽ 625000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇങ്ങനെ അധികമായി വകയിരുത്തിയതു മൂലം മറ്റു വികസന പ്രവർത്തനത്തിനുപയോഗിക്കുവാൻ വകയിരുത്തുന്ന തുകയിൽ കുറവ് സംഭവിക്കുന്നു.ഇതിൽ തദ്ദേശ ഭരണസ്ഥാപനത്തിന്റെ പദ്ധതി വിഹിതം 175000/- ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് അസിസ്റ്റന്റ് ഡയറക്ടർക്ക്കൈമാറിയതിന്റെ ഡിഡിയുടെ പകർപ്പോ, തുക

കൈപ്പറ്റിയതിന്റെ രസീതോ,വിനിയോഗ സാക്ഷ്യപത്രമോ, ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.11.1.2016ലെ ജി.ഒ.(എം.എസ്)4/16 തസ്വഭവ പ്രകാരം കുടുംബ വാർഷിക വരുമാനം 50000/-രൂപയിൽ കവിയാത്തവർക്കും നാമമാത്ര ചെറുകിട കർഷകർക്കുംമാണ് ആനുകൂല്യം നല്കേണ്ടത്. ഇവ സാധൂകരിയ്ക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കയിട്ടില്ല. ഫയലിനോടോപ്പം ഹാജരാക്കിയ 121 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ വാർഡ് 12ലെ ഗ്രാമസഭാലിസ്റ്റിലുള്ള 7 പേർ ഉൾപ്പെട്ടതായി കാണുന്നില്ല. മേലപാകതകൾക്ക് വിശദീകരണം നല്കുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 175000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മുട്ടക്കോഴി വിതരണം പദ്ധതിയിലെ അപാകതകൾ(ജനറൽ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | – എസ് 0104/16 |
| അടങ്കൽ | – 495900/-(275112-വികസന ഫണ്ട്) |
| | 220400/-(-ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| | 388/- (തനതു ഫണ്ട്) |
| ചെലവ് | -170,000/-ബിൽ നം3/15-16/31.3.16. |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)11.1.2016 ലെ ജി.ഒ.(എം.എസ്.)4/2016 തസ്വഭവ പ്രകാരം കുടുംബ വാർഷിക വരുമാനം50000/-/യിൽ കവിയാത്തവർക്കും,നാമമാത്ര കർഷകർക്കും മാത്രമായി ചുരുക്കേണ്ടതും,വിലയുടെ75% എന്ന പരിധിയ്ക്ക് വിധേയമായി ഒരു കുടുംബത്തിനു പരമാവധി 500/-സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. സബ്സിഡി പരിധിയ്ക്കു വിധേയമായി എത്ര എണ്ണം നല്കാമോ അത്രയും എണ്ണം മാത്രമേ നല്കാൻ പാടുള്ളൂ.കൂടിന്റെയും തീറ്റയുടെയും ചെലവ് ഗുണഭോക്താക്കൾ നേരിട്ട് വഹിക്കേണ്ടതാണ്.എന്നാൽ പ്രോജക്റ്റ് രൂപീകരിച്ചപ്പോൾ ഇത്തരത്തിലുള്ള മാനദണ്ഡങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. ഒരു ഗുണഭോക്താവിനു 10കോഴിക്കുഞ്ഞുങ്ങളെ നല്കുന്നതായാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതു സബ്സിഡി മാനദണ്ഡവുമായി പൊരുത്തപ്പെടുന്നില്ല.ഹാജരാക്കിയ പ്രോജക്റ്റിനൊപ്പം ഗുണഭോക്താക്കളുടെ അപേക്ഷകളോ,കൈപ്പറ്റിയ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം തെളിയിക്കുന്ന കൈപ്പറ്റ് രസീതുകളോ, കോഴിക്കുഞ്ഞുങ്ങളുടെ വില,ഗുണഭോക്തൃ വിഹിതം,സബ്സിഡിതുക എന്നിവ എത്രയെന്ന് വ്യക്തമാക്കുന്ന രീതിയിലുള്ള ഡി.ഡി യുടെ പകർപ്പുകളോ,മറ്റു രേഖകളോ ,തുക കൈപ്പറ്റിയതിന്റെ രസീതോ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ മലബാർ എഗ്ഗർ നേഴ്സറിയുടെ ക്യാഷ് ബില്ലു പ്രകാരം ഒരു കോഴിക്കുഞ്ഞിനു 90/-രൂപ നിരക്കിൽ 3400 കുഞ്ഞുങ്ങളെ 306000/-രൂപയ്ക്കു വാങ്ങിയിട്ടുണ്ട്. (29/30.3.2016)വികസന ഫണ്ടിൽ നിന്നും 170000/-രൂപ ചെലവ് കാണിച്ചിട്ടുണ്ടെങ്കിലും മേൽ തുകകൈപ്പറ്റിയതിന്റെ രസീതും ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം 400/-രൂപ വീതം പഞ്ചായത്തിന്റെ രസീതു മുഖേന പിരിച്ചുവെങ്കിലും തുക പഞ്ചായത്തിൽ ഒടുക്കുകയോ, ഓഡിറ്റു തീയതി വരെ രസീത്ബുക്കുകൾ പഞ്ചായത്തിൽ തിരികെ എത്തിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ രസീതുബുക്കുകൾ ഹാജരാക്കിയെങ്കിലും തുക പഞ്ചായത്തിലെ തനതുഫണ്ടിൽ ഒടുക്കുകയോ, തിരികെ പിൻവലിച്ച് എഗ്ഗർനഴ്സറിയിൽ ഒടുക്കിയിട്ടുമില്ല. നിർവഹണ ഉദ്യോഗസ്ഥൻ കോഴിക്കുഞ്ഞുങ്ങളെ വാങ്ങിനല്കുന്ന പദ്ധതിയായതിനാൽ ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം നേരിട്ടു ചെലവഴിയ്ക്കാൻ സാധിയ്ക്കില്ല. എന്നാൽ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം നേരിട്ട് എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ആയതും മാർഗ്ഗരേഖയ്ക്കു വിരുദ്ധമാണ്.

2)മാർഗ്ഗരേഖ പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറും, ഗുണഭോക്താക്കളിൽ നിന്ന് ഏഴുപേർ അംഗങ്ങളായിട്ടുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യുർമെന്റ് കമ്മറ്റി അംഗീകാരത്തോടെ ഈ സമിതിക്കു വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണോദ്യോഗസ്ഥ ഉറപ്പാക്കണം. ഈ നടപടിക്രമങ്ങളൊന്നുംതന്നെ പാലിച്ചിട്ടില്ല. കക്കോടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ തന്നെ രണ്ടു അംഗീകൃത എഗ്ഗർനഴ്സറികൾ ഉള്ളപ്പോൾ തിരുവമ്പാടി പഞ്ചായത്തിലുള്ള നഴ്സറിയിൽ നിന്നും വാങ്ങൽ നടത്തിയതിന്റെ കാരണം വ്യക്തമല്ല.

3)ഹാജരാക്കിയ ക്യാഷ്ബില്ല് പ്രകാരം 340 കുടുംബത്തിനു കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ടെങ്കിലും, 310 ഗുണഭോക്താക്കളുടെ ലിസ്റ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്.പ്രസ്തുത ലിസ്റ്റിൽ കൈയ്യൊപ്പുപതിച്ചതു മാത്രമാണ് വിതരണലിസ്റ്റായി നിർവഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ളത്.ഇതു ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.കൃത്യമായ വിതരണ രേഖഹാജരാക്കിയിട്ടില്ലാത്തതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല. ലഭ്യമാക്കിയ രസീതുബുക്കുകൾ പരിശോധിച്ചതിൽ 3 രസീതുബുക്കുകളിലും മുട്ടക്കോഴികളുടെ ഗുണഭോക്തൃ വിഹിതം വാങ്ങിയതിന്റെ രേഖപ്പെടുത്തലുകളാണ് ഉള്ളത്. (17990- ഈബുക്കിന്റെ ആദ്യ 5 പേജുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. രസീത് നം49ൽ തുക രേഖപ്പെടുത്തിയിട്ടില്ല. ഇതുപ്രകാരം-93x400= 37200/-രൂപയും ,17994,17995, എന്നീ ബുക്കുകളിലെ (100x2=200x400=80000/-)പേജുകളിലും,17996രസീതുബുക്കിലെ 13 രസീതുകൾ പ്രകാരവും(33x400=13200/-)മുട്ടക്കോഴി ഗുണഭോക്തൃ വിഹിതം 400/- രൂപ തന്നെയാണ് പിരിച്ചിട്ടുള്ളത്. ഇതു പ്രകാരം തന്നെ130400/--രൂപ പിരിച്ചിട്ടുള്ളതായി കാണുന്നു. ആയത് പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ആയത് ഗുരുതരമായ കൃത്യ വിലോപമാണ്.മേലപാകതൾക്ക് വിശദീകരണം നല്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിവിഹിതത്തിന്റെ ഭാഗമായിട്ടുള്ളതിനാലും,നിർവഹണഉദ്യോഗസ്ഥ കോഴിക്കുഞ്ഞിനെ വാങ്ങിനല്കുന്ന പദ്ധതിയായതിനാലും ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ പിരിച്ച് ഒടുക്കേണ്ടതും പദ്ധതിപൂർത്തീകരണവേളയിൽ നിശ്ചിത കാലയളവിൽ സ്ഥാപനത്തിന് /കരാറുകാരന് തുക പദ്ധതി വിഹിതത്തോടൊപ്പം നല്കേണ്ടതാണ്. എന്നാൽ ഈ മാനദണ്ഡങ്ങളൊന്നും ഇവിടെ പാലിച്ചിട്ടില്ല. ഓഡിറ്റ് തീയതി വരെയും ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല എന്ന് സെക്രട്ടറിയ്ക്ക് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൃത്യമായ രേഖകളുടെ അഭാവത്തിൽ പദ്ധതി ചെലവ് 170000/- ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-6 <u>മുട്ടക്കോഴിവളർത്തൽ പദ്ധതി (സ്പിൽഓവർ) നടപ്പാക്കിയതിലെ അപാകതകൾ</u>

| | | |
|---|---|---|
| അടങ്കൽ തുക | - 82,500/- | |
| ഗുണഭോക്തൃ വിഹിതം | - 1,20,000/- | |
| ചെലവ് തുക | – 54,000/- | ഡിഡി നം-417783/16.2016-20000/- |
| | | ഡി.ഡി നമ്പർ -417784/16.3,2016-34000/- |

2015-16 വർഷം മുട്ടക്കോഴി വളർത്തൽ എന്ന പദ്ധതി (S0198/16) 2014-15 വർഷം നടപ്പാക്കിയ പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്റ്റ് ആയി നടപ്പാക്കിയതാണെങ്കിലും പ്രോജക്റ്റ് നം S0198/16(ജനറൽ) ആരും സൂക്ഷ്മപരിശോധന നടത്തിയതായി കാണുന്നില്ല. ഡി.പി.സി. അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടില്ല. പദ്ധതിയുടെ ധനകാര്യ വിശകലനത്തിൽ അന്തിമ വകയിരുത്തൽ 1,50,000/- (വികസനഫണ്ടും) 1,30,000/- രൂപ ഗുണഭോക്തൃവിഹിതം വകയിരുത്തുകയും, ഓഡിറ്റ് വേളവരെ ചെലവ് 67,500/-രൂപ വികസന ഫണ്ട് എന്നും തൻവർഷം ബാക്കിനില്പ് 82,500/-രൂപ വികസനഫണ്ടിലും,

120000/- രൂപ ഗുണഭോക്തൃവിഹിതവും ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 300പേരാണ് ഗുണഭോക്താക്കളായി കാണിച്ചിട്ടുള്ളത്. 2014-15വർഷത്തെ മുട്ടക്കോഴി വളർത്തൽ (എസ്117/15)പ്രകാരം, കോഴിവളർത്തലിൽ ഏർപ്പെട്ട ,10 കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ സ്ഥലമുള്ള മുട്ടവിപണനം ഉപജീവനമാക്കിയ കുടുംബശ്രീ അംഗങ്ങളായ കർഷകരിൽ നിന്നും 300 പേരെ ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുകയും, 45 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത് സുഗമമായി മുട്ട ലഭ്യമാക്കുന്നതിനുമായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയിൽ 400/-രൂപ ഗുണഭോക്താക്കൾ നേരിട്ട ചെലവഴിക്കുന്ന എന്നാണ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഒരു ഗവൺമെന്റ് അപ്രൂവ്ഡ് നഴ്സറിയിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങി നല്കിയിരിക്കുന്നത് നിർവഹണ ഉദ്യോഗസ്ഥയായതിനാൽ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കാൻ സാധ്യമല്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ ഉള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിമുഖേന വാങ്ങുകയും, കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം നിർവഹണോദ്യോഗസ്ഥ നേരിട്ട് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. 1,50,000/- വികസനഫണ്ടും, 1,20,000/- രൂപ ഗുണഭോക്തൃവിഹിതം നേരിട്ടും ആയി 2,70,000/- രൂപ അടങ്കലാണ് ഈ പ്രോജക്റ്റ് വകയിരുത്തിയിട്ടുള്ളത്.

ഹാജരാക്കിയ ഫയലിൽ 2014-15 വർഷം മേൽ പ്രോജക്റ്റ് പ്രകാരം മലബാർ എഗ്ഗർ നഴ്സറിയിൽ നിന്നും 27.03.2015ലെ ബിൽ നമ്പർ 40 പ്രകാരം 90/- നിരക്കിൽ 1520 കോഴിക്കുഞ്ഞുങ്ങളെ 1,36,800/- രൂപക്ക് വാങ്ങിയതായും, 67500/-രൂപ ഈ ബില്ലിൽ പാസ്സാക്കിയതായും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതായും കാണുന്നു. 1520 കോഴിക്കുഞ്ഞുങ്ങളെ സ്റ്റോക്കിലെടുത്തതിന്റെയോ, വിതരണം നടത്തിയതിന്റെയോ, ഓരോ ഗുണഭോക്താവും എത്ര കോഴിക്കുഞ്ഞുങ്ങളെ വീതം കൈപ്പറ്റിയെന്നും തെളിയിക്കുന്ന രേഖകളൊന്നും തന്നെ നിർവഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടില്ല. 200 പേജ് വരുന്ന നോട്ടുബുക്കിൽ ഏറെ വെട്ടിതിരുത്തലോടു കൂടി വ്യക്തികളുടെ പേരും ഒപ്പും മാത്രം രേഖപ്പെടുത്തിയിട്ടുത്തിയ ലിസ്റ്റാണ് ഗുണഭോക്തൃവിഹിതം ശേഖരിച്ച കളക്ഷൻ രജിസ്റ്ററായും, കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയതിന്റെ തെളിവായും ഹാജരാക്കിയിട്ടുള്ളത്. 2014-15 വർഷം ഗുണഭോക്തൃവിഹിതം 60,800/-രൂപ ശേഖരിച്ച് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. (രസീതുബുക്ക് നം-51896 ലെ 100രസീതുകൾ പ്രകാരം 400x100=40,000/-, രസീതു ബുക്ക് നം. 400x52=22,800/-) ഈ പ്രോജക്റ്റിന്റെ തുടർ പ്രോജക്റ്റ് ആയ 198/16 പ്രകാരം 54,000/- രൂപ ഗുണഭോക്തൃവിഹിതം പഞ്ചായത്തിലെ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് മലബാർ എഗ്ഗർ നഴ്സറിയുടെ പേരിൽ ഡി.ഡി എടുത്തതിന്റെ പകർപ്പ് ഹാജരാക്കിയ ഫയലിൽ ഉണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല. സ്പിൽഓവർ പ്രോജക്ടിന്റെ ചെലവുരേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയതു പ്രകാരം ഹാജരാക്കിയ ഫയലിൽ 31.03.2016 ലെ നമ്പർ.73 രസീതു പ്രകാരം 90/- രൂപ നിരക്കിൽ 1350 കോഴിക്കുഞ്ഞുങ്ങൾക്ക് 1,21,500/- രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 67,500/- പാസ്സാക്കിയതായി കാണുന്നു. എന്നാൽ ബില്ലിലെ വിവരങ്ങളും രസീതിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബില്ല് പ്രകാരം 1520 കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിന് പദ്ധതിവിഹിതവും ഗുണഭോക്തൃവിഹിതവും ഉൾപ്പടെ 1,36,800/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഇതുപ്രകാരം 75% പദ്ധതി വിഹിതമായി 1,02,600/- യും 25% ഗുണഭോക്തൃവിഹിതവും ആണ് പരമാവധി ചെലവഴിക്കാവുന്നത്. ആയതിൽ തന്നെ വികസന ഫണ്ടിൽ നിന്നും 67,500/- രൂപ 2014-15 ൽ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 35100/- രൂപ വികസന ഫണ്ടിൽ നിന്നും സ്പിൽഓവർ പദ്ധതിയ്ക്കായി ചെലവഴിയ്ക്കാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്തൃവിഹിതത്തിൽ നിന്നും 54,000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി പൂർത്തീകരിച്ച സാഹചര്യത്തിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ തുക സ്ഥാപനത്തിനു കൈമാറേണ്ടതായിരുന്നു. ഇപ്രകാരം പദ്ധതി വിഹിതവും, ഗുണഭോക്തൃ വിഹിതവും പൊരുത്തപ്പെടാതെ വന്നിട്ടുള്ളത് പദ്ധതി നടത്തിപ്പിന്റെ സുതാര്യതയിൽ സംശയമുണ്ടാക്കുന്നതാണ്. വ്യക്തമായ ചെലവ് രേഖകൾ സൂക്ഷിയ്ക്കാതെയും,

പദ്ധതിയിൽ പ്രതിപാദിയ്ക്കുന്നതിനും വിരുദ്ധമായും, സബ്സിഡി മാർഗ്ഗരേഖകൾക്കും, നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുക വഴി ഫണ്ട് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 റിംഗ് കംപോസ്റ്റ്-സർവീസ് ദാതാവിനെ തെരഞ്ഞെടുത്തത്-സംബന്ധിച്ച്

2015-16 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം ചെയ്ത 4,7 വാർഡുകളിലെ സമ്പൂർണ്ണ ശുചിത്വ പദ്ധതി എന്ന 251/16 നം പ്രോജക്ടിന് 9,98,520/- രൂപ അടങ്കലാണുള്ളത്.(85,000/- രൂപ പദ്ധതി വിഹിതം,1,03,520/- രൂപ ഗുണഭോക്തൃ വിഹിതം 8,10,000/- രൂപ കേന്ദ്രാവിഷ്കൃത വിഹിതം) പഞ്ചായത്തിലെ 4,7 വാർഡുകളിലെ വീടുകളിൽ റിംഗ് കംപോസ്റ്റ് നല്കുന്നതിനായിട്ടാണ് ഈ തുക വിനിയോഗിച്ചിരിക്കുന്നത്. 250/- രൂപ ഗുണഭോക്തൃ വിഹിതവും 2250/- രൂപ സബ്സിഡിയുമാണ്.30.09.2015 ലെ ശുചിത്വ മിഷൻ ഡയറക്ടറുടെ 2538/സി1/2009/എസ് എം നമ്പർ കത്ത് പ്രകാരവും 20.092012 ലെ GO(Ms)No.239/12/LSGD പ്രകാരവും പദ്ധതി നിർവഹണം നടത്തുന്നതിലേക്കായി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള സർവീസ് പ്രൊവൈഡർമാരെ മത്സരാധിഷ്ഠിതമായ ദർഘാസുകളും ,ക്വട്ടേഷനുകളും മുഖേനയും അക്രഡിറ്റഡ് ഏജൻസികളാണെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്ത മാനദണ്ഡങ്ങൾ പാലിച്ചും തെരഞ്ഞെടുക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 23.05.2012 ലെ സ ഉ(സാധാ).നം 1418/2012/തസ്വഭവ പ്രകാരം സർവീസ് കൺസൾട്ടന്റായി അംഗീകരിച്ചിട്ടുള്ള ശ്രീ.രാജൻ മണാട്ടിലിനെ (വിപഞ്ചിക ഹൗസ്,മക്കട)23.07.2013 ലെ ഭരണസമിതി മീറ്റിംഗിലെ 56/2013(5)തീരുമാന പ്രകാരം ഈ പ്രൊജക്ടിന്റെ സർവീസ് പ്രൊവൈഡറായി ചുമതലപ്പെടുത്താൻ തീരുമാനിക്കുകയായിരുന്നു. ഇദ്ദേഹത്തിന് അനുവദിച്ച തുക താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡി ഡി നമ്പർ/തീയതി | തുക |
|---|---|---|
| 1 | 486005/15.04.2016 | 85,000/- |
| 2 | 486007/15.04.2016 | 1,03,520/- |
| 3 | ക്യാഷ് | 4,67,045/- |
| 4 | ക്യാഷ് | 3,42,955/- |
| | ആകെ | 998520 |

പത്ത് ലക്ഷത്തോളം തുക വരുന്ന ഈ പ്രൊജക്ട് ടെണ്ടർ നടപടികൾ പോലും സ്വീകരിക്കാതെ സർവീസ് കൺസൾട്ടന്റായ വ്യക്തിക്ക് നൽകിയതിന് വിശദീകരണം വേണ്ടതാണ്.

കൂടാതെ ശുചിത്വ മിഷനിൽ നിന്നും ലഭിച്ചതും ചേളന്നൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കക്കോടി ശാഖയിൽ നിക്ഷേപിച്ചിരുന്നതുമായ 8,10,000/- രൂപ സർവീസ് കൺസൾട്ടന്റിന് അനുവദിച്ചത് ക്യാഷായിട്ടാണ്.ജി ഒ പി 177/2006/ ധനം,തീയതി-12.04.2006 പ്രകാരം 1000/- രൂപയിൽ അധികമുള്ള തുക പണമായി നൽകാൻ പാടില്ലാത്തതാണ്.

മേൽക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.വിശദീകരണം നൽകേണ്ടതാണ്. ചെലവുതുക തടസ്സം ചെയ്യുന്നു.

## 3-8 കിടക്ക നിർമ്മാണ യൂണിറ്റ് -അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം ചെയ്ത കിടക്ക നിർമ്മാണത്തിനുള്ള 6,00,000/- രൂപ(3 ലക്ഷം പദ്ധതി

വിഹിതം,3 ലക്ഷം ലോൺ തുക) അടങ്കലുള്ള 239/16 നം പ്രോജക്ട് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

ഗുണഭോക്തൃ ലിസ്റ്റ് -സംബന്ധിച്ച്

പ്രോജക്ട് പ്രകാരം ഇത് വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് വേണ്ടിയുള്ളതാണ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണന മാനദണ്ഡങ്ങൾ പ്രകാരം കിടക്ക നിർമ്മാണത്തിൽ പരിശീലനം ലഭിച്ച അംഗങ്ങൾ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച എട്ട് അംഗങ്ങളുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് കിടക്ക നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചത് 40 മാർക്ക് ലഭിച്ച അവസാനത്തെ രണ്ട് ഗ്രൂപ്പുകൾക്കാണ്.100 മുതൽ 60 മാർക്ക് വരെ ലഭിച്ച മറ്റ് ഗുണഭോക്താക്കൾക്ക് സബ്സിഡി ആവശ്യമില്ലെന്ന് അറിയിച്ചിട്ടുമില്ല.മുന്നിലുള്ള മറ്റ് ഗുണഭോക്താക്കളെ പിന്തള്ളിയാണ് ഒരുമ കുടുംബശ്രീ,ധനം കുടുംബശ്രീ എന്നീ ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിച്ചത്

പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

തെരഞ്ഞെടുത്ത രണ്ട് സംഘങ്ങൾക്കും ലോൺ അനുവദിച്ചിരിക്കുന്നത് ചേളന്നൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കാണ്.12% പലിശ നിരക്കിൽ 1,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.രണ്ട് ഗ്രൂപ്പുകളും എല്ലാ മാസവും ലോൺ തുക തിരിച്ചടക്കുന്നുണ്ടെങ്കിലും ലോൺ തിരിച്ചടവിനെ കൂടാതെ സേവിംഗ്സ് ഒന്നും ഉണ്ടായിട്ടില്ല.ധനം കിടക്ക നിർമ്മാണ യൂണിറ്റ് പഞ്ചായത്ത് നൽകിയ സബ്സിഡി തുക തന്നെ പിൻവലിച്ചാണ് (20,000/- രൂപ)നവംബർ മാസത്തെ ലോൺ തിരിച്ചടച്ചിരിക്കുന്നത്.ഇതിൽ നിന്നും ഗ്രൂപ്പിന് ലോൺ തിരിച്ചടവിനു പോലും പണമില്ല എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.പ്രസ്തുത പ്രൊജക്ടിന്റെ മോണിട്ടറിംഗ്റിപ്പോർട്ടോ, തുടർപ്രവർത്തനങ്ങളുടെ വിലയിരുത്തലോ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 എസ് എസ് എൽ സി വിദ്യാർത്ഥികൾക്കു സൈക്കിൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | -എസ്0108/16 |
| അടങ്കൽ | - 150000/- |
| എസ് സി.പി | 50000/- |
| | 200000/- |
| ചെലവ് | - 61,260/- ബിൽ നം.5/15-16/22.3.16 |

2015-16 വർഷം പ്രസ്തുത പദ്ധതിപ്രകാരം 33810/-രൂപ ചെലവഴിച്ച്10 ആൺകുട്ടികൾക്കും,24535/-രൂപ ചെലവഴിച്ച് 7പെൺകുട്ടികൾക്കും , ഉദയാ സൈക്കിൾ മാർട്ട്, തങ്ങൾ റോഡ്,കൊണ്ടോട്ടി, എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ ഫയൽ പ്രകാരം 13 പേർ മാത്രമാണ് സൈക്കിൾ കൈപ്പറ്റിയിട്ടുള്ളത്. 17സൈക്കിളിന്റെ വിലയായി 61,260/- രൂപ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ബാക്കി 4 സൈക്കിൾ ഗുണഭോക്താക്കൾ കൈപ്പറ്റാതെ സ്കൂളിൽ ഉണ്ട് എന്ന് ഹെഡ് മിസ്ട്രസ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഏതിനത്തിൽ ഉള്ള സൈക്കിൾ ആണ് ബാക്കി നില്ക്കുന്നത് എന്ന് ഫയലിൽ വ്യക്തമല്ല. ആവശ്യകത കണക്കാക്കാതെ വാങ്ങൽ നടത്തിയതിനാലും, സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കാത്തതിനാലും, അധികം വാങ്ങിയ സൈക്കിളിന് ചെലവഴിച്ച 14414/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി

നൽകേണ്ടതും ഇവ എപ്രകാരം വിനിയോഗിക്കുമെന്നും അറിയിക്കേണ്ടതാണ്.

## 3-10 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ

പ്രോജക്റ്റ് നമ്പർ – എസ്0098/16

അടങ്കൽ – 2,20,000/-

ചെലവ് – 67894/- ബിൽനം-6/15-16/28.3.16

കേരളാ ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപ്പറഷൻ ലിമിറ്റ്ഡിൽ നിന്നും 17 steel table,17fiber chair എന്നിവ നല്കുന്നതാണ് പദ്ധതി.ഹാജരാക്കിയ ഫയൽ പ്രകാരം 12 പേർക്ക് മാത്രമെ ഫർണ്ണിച്ചർ നല്കിയിട്ടുള്ളു. ബാക്കി 5സെറ്റ് ഫർണ്ണിച്ചർ സ്കൂളിൽ ഉണ്ട് എന്ന് ഇപ്പോഴത്തെ ഹെഡ് മിസ്ട്രസ് കത്ത് നല്കിയിട്ടുണ്ട് എങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ആവശ്യത്തിലധികം ഫർണ്ണിച്ചർ വാങ്ങി പദ്ധതിവിഹിതം ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച 9984/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫർണ്ണിച്ചർ എപ്രകാരം വിനിയോഗിക്കുമെന്നതു സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-11 തുടർ വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ – എസ്0125/16

അടങ്കൽ - 30000/-(തനതു ഫണ്ട്)

ചെലവ് - 29901/-

പ്രസ്തുത പദ്ധതിയിൽ തുടർ സാക്ഷരത പ്രവർത്തനങ്ങൾ നടത്തുന്ന ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം-15000/-, പരിശീലനം സ്റ്റേഷനറി ഉൾപ്പെടെ 1500/- പഠനോപകരണങ്ങൾ -3000/- ഡോക്യുമെന്റേഷൻ-1500/- പരീക്ഷ ഫീസ്-5000/- പരീക്ഷാദിനചെലവുകൾ-2000/- കസേര, ക്യാമറ-2000/- എന്നിവയ്ക്കാണ് പ്രോജക്റ്റിൽ തുക വകയിരുത്തിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ ചെലവ് രേഖകൾ അപൂർണ്ണവും, തനതുഫണ്ടിൽ നിന്നും തുക എപ്രകാരം ചെലവഴിച്ചു എന്നതിനും രേഖകളില്ല. ഹാജരാക്കിയ ഫയൽ പ്രകാരം പത്തു പഠിതാക്കൾക്ക് പത്താംതരം തുല്യതാ പരീക്ഷയ്ക്കുള്ള ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിലും, ആറുപേരുടെ സർട്ടിഫിക്കറ്റ് മാത്രമേ ഹാജരാക്കിയിട്ടുള്ളു. മിനി, ദിൽന.ഇ, സുസ്മിത,റുബീന എന്നിവരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. തുക സാക്ഷരതാമിഷനിൽ അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല.

6.10.2009ലെ സർക്കുലർ നമ്പർ 48360/എഫ്.ഫ1/2009 തസ്വഭവ സർക്കുലർ പ്രകാരം തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി, പത്താം തരം തുല്യതാ കോഴ്സിന്റെ പാഠപുസ്തകം ,സമ്പർക്ക പഠന ക്ലാസ്സ് എന്നിവ ഉൾപ്പെടെ കോഴ്സ് ഫീസ് 1200 രൂപ/- പരീക്ഷാഫീസ്, 500/- രൂപയും നല്കാവുന്നതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി-1500/-ഡോക്യുമെന്റേഷൻ, ഇൻസ്ട്രക്ടർ പരിശീലനം -1000/- , 14300/-(572x25) രൂപ ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം, റിസോഴ്സ് പേഴ്സൺമാർക്ക് 700/-(350x2)/-രൂപ എന്നിവക്കും ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ ഇത്തരത്തിൽ പത്താം തരം തുല്യതാ പരീക്ഷ നടത്തുന്നതിന് ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം നല്കിയത് ഏത് ഉത്തരവ് പ്രകാരമാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. ഹാജരാക്കിയ ഫയലിൽ ഏഴാം തരം പരീക്ഷ എഴുതിയവരുടെയോ,നാലാം തരം പരീക്ഷയെഴുതിയവരുടെയോ, അറ്റന്റൻസോ, മറ്റു രേഖകളോ ഹാജരാക്കിയിട്ടില്ല.

